9 -ാം വർഷം
2025
ജൂൺ 22
ശ്ലീഹാ മൂന്നാം ഞായർ


Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# സ്നേഹത്തിന്റെ സ്നേഹിതരാകാം

നിയ 1:5-8, ഏശ 1:1-9, 1 കോറി 7:1-7, ലൂക്ക 10:25-37

ഇന്നത്തെ വായനകളെല്ലാം സ്നേഹത്തിന്റെ വായനകൾ ആണ്. പഴയനിയമ വായനകളിൽ നിയമാവർത്തന പുസ്തകത്തിലെ വായനയിൽ ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തെ കുറിച്ചാണ് പരാമർശിക്കുന്നത്. ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായനയിലാകട്ടെ ദൈവസ്നേഹത്തെ മറന്ന ഇസ്രായേൽ ജനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ലേഖനഭാഗത്ത് ദാമ്പത്യ സ്നേഹം ആണ് വിഷയം. സുവിശേഷഭാഗത്തിൽ നല്ല സമരിയക്കാരന്റെ കഥയിലൂടെ

പരസ്നേഹത്തിന്റെ പാഠം പറഞ്ഞു തരുന്നു. ചുരുക്കത്തിൽ ഇന്നത്തെ വായനകൾ ദൈവസ്നേഹത്തിൽ നിന്ന് ആരംഭിച്ച് പരസ്നേഹത്തിൽ അവസാനിക്കുന്നു. വായനകളിൽ മാത്രമല്ല ജീവിതത്തിലും അതുതന്നെയാണ് സത്യം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ ആവില്ല എന്നാണല്ലോ! സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; കാരണം ദൈവം സ്നേഹമാണ്. സുവിശേഷത്തിൽ ഉടനീളം ഈ സ്നേഹമാണ് നാം അനുഭവിക്കുന്നത്. സ്നേഹം തന്നെയായ ഈശോ സ്നേഹിതരെന്ന് നമ്മെ വിളിച്ചത് സ്നേഹത്തിൽ ഒന്നാകാൻ ആണ്. സ്നേഹത്തിന്റെ പാരമ്യം അവിടുന്ന് കുരിശിലാണ് കാണിച്ചുതന്നത്. അവിടുന്ന് നൽകിയ പുതിയ കൽപ്പനയും സ്നേഹത്തിന്റേതാണ്. 'ഞാൻ നിങ്ങളെ




സുജമോൾ ജോസ്

സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'എന്ന് പറഞ്ഞുകൊണ്ട് സ്നേഹത്തിന്റെ പുതിയ പാഠം അവിടുന്ന് പകർന്നു നൽകി. ആ സ്നേഹത്തിന്റെ സ്നേഹിതരാകാനുള്ള വിളിയാണ് നമ്മുടെ ഓരോരുത്തരുടെയും.

### രണ്ടാമത്തെ കഴുകനോ..?

കെവിൻ കാർട്ടർ എന്ന ദക്ഷിണാഫ്രിക്കൻ ഫോട്ടോ ജേർണലിസ്റ്റിനെ ആരും മറന്നു കാണില്ല.

1990 - കളിൽ പട്ടിണി മൂലം മരിക്കാറായ ഒരു കൊച്ചു പെൺകുട്ടിയുടെയും, ആ പെൺകുട്ടി മരിക്കാൻ കാത്തിരിക്കുന്ന ഒരു കഴുകന്റെയും ഫോട്ടോ തന്റെ ക്യാമറയിൽ പകർത്തി ലോകശ്രദ്ധ പിടിച്ചുപറ്റിയിരുന്നു കാർട്ടർ.

1993-94 കാലയളവിൽ സുഡാനിലെ ക്ഷാമകാലത്ത് കെവിൻ കാർട്ടർ എടുത്തതാണ് ആ ഫോട്ടോ.

പിന്നീട് ഈ ഫോട്ടോ പുലിറ്റ്സർ സമ്മാനം നേടി.

ലോകമെമ്പാടുമുള്ള പ്രമുഖ മാധ്യമങ്ങൾ ഈ അസാധാരണ ഫോട്ടോഗ്രാഫിക് വൈദഗ്ധ്യത്തെ ആഘോഷിച്ചപ്പോൾ, ആ നേട്ടവും പ്രശസ്തിയും ആസ്വദിക്കാൻ കെവിൻ കാർട്ടർ ഏതാനും മാസങ്ങൾ മാത്രമേ ജീവിച്ചിരുന്നുള്ളൂ. കാരണം ഇതേ ഫോട്ടോഗ്രാഫിന്റെ പേരിൽ പിന്നീട് അദ്ദേഹം അപമാനിക്കപ്പെട്ടു .

ഒരു ഫോൺ - ഇൻ അഭിമുഖത്തിൽ ഒരാൾ വിളിച്ച് നിങ്ങൾ ഫോട്ടോ എടുത്തതിന് ശേഷം ആ കൊച്ചു പെൺകുട്ടിക്ക് എന്ത് സംഭവിച്ചുവെന്ന് ചോദിച്ചപ്പോഴാണ് കെവിൻ കാർട്ടറിന്റെ ദുഃഖം ആരംഭിച്ചത്.

'ആ പെൺകുട്ടിക്ക് എന്തു സംഭവിച്ചു എന്ന് അറിയാൻ കാത്തിരിക്കാൻ ആയില്ല. കാരണം എന്റെ വിമാനത്തിന്റെ സമയം ആയിരുന്നു' എന്ന് അദ്ദേഹം മറുപടി നൽകി.

അപ്പോൾ വിളിച്ചയാൾ പറഞ്ഞു,

'ആ ദിവസം അവിടെ രണ്ട് കഴുകന്മാർ ഉണ്ടായിരുന്നു, അതിൽ ഒന്നിന്റെ കയ്യിൽ ഒരു ക്യാമറ ഉണ്ടായിരുന്നു '. ആ വാക്കുകൾ കെവിൻ കാർട്ടറെ വല്ലാതെ ഉലച്ചു.

ഈ പ്രസ്താവനയെക്കുറിച്ചുള്ള നിരന്തരമായ ചിന്ത അദ്ദേഹത്തെ ആത്മഹത്യ യിലേക്ക് നയിച്ചു.

ആ കൊച്ചു പെൺകുട്ടിയെ സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ ശ്രമിച്ചിരുന്നുവെങ്കിൽ കെവിൻ കാർട്ടർ ഇന്നും ജീവിച്ചിരിക്കുകയും കൂടുതൽ പ്രശസ്തനാകുകയും ചെയ്യുമായിരുന്നു.

ഇതിന് സമാനമായ ഒരു കഥയാണ് സമരിയക്കാരന്റെ കഥയും. ഇതിലെ ദൈവശാസ്ത്രപരമായ വശങ്ങളിലേക്കൊന്നും കടക്കാതെ ഒരു സാധാരണക്കാരന്റെ നിലയിൽ നിന്ന് ചിന്തിച്ചാൽ രണ്ട് പ്രമുഖർ കടന്നുപോയിട്ടും മുറിവേറ്റ ആ മനുഷ്യനെ തിരിഞ്ഞു നോക്കുന്നില്ല. എന്നാൽ ഒടുവിൽ വന്ന ആ സമരിയാക്കാരനാണ് മുറിവേറ്റ മനുഷ്യന്റെ അയൽക്കാരനായി മാറുന്നത്. ആ നന്മയാണ് എന്നും അയാളെ എല്ലാവർക്കും സ്വീകാര്യൻ ആക്കുന്നത്. പുരോഹിതനും ലേവായനുമെല്ലാം വില്ലൻ സ്ഥാനത്ത് നിൽക്കുമ്പോൾ തന്റെ മനസ്സിലെ നന്മയാണ് സമരിയാക്കാരന് നായക പരിവേഷം നൽകുന്നത്.

സമരിയാക്കാരന്റെ ഉപമയിലൂടെ കടന്നു പോകുന്നവരെല്ലാം ലേവയാനെയും പുരോഹിതനെയും കുറ്റപ്പെടുത്തുകയും സമരിയാക്കാരനെ വാഴ്ത്തുകയും ചെയ്യുന്നു. ഇങ്ങനെ വാഴ്ത്തുമ്പോഴും സ്വന്തം വീട്ടിലോ, അയൽപക്കത്തോ മുറിവേറ്റവരെ മറികടന്നു പോവുകയും ചെയ്യുന്നു. പുരോഹിതനും ലേവായനും ദൈവിക കാര്യങ്ങളിൽ വ്യാപൃതരാകാൻ തിടുക്കത്തിൽ പോവുകയായിരുന്നു. ഈ സീൻ ഒന്നുമാറി ചിന്തിച്ചാൽ നമ്മളിലെ പുരോഹിതരും ലേവായരുമെല്ലാം മറനീക്കി പുറത്തുവരും. ഉടമ്പടി എടുക്കാൻ ഒരുങ്ങിയപ്പോഴാണ് അയൽപക്കത്തെ അമ്മാമ്മയ്ക്ക് പെട്ടെന്ന് അസുഖം കൂടിയത്, ആ വീട്ടിലാണെങ്കിൽ ആ സമയം സ്ത്രീകൾ ആരുമില്ല, സഹായത്തിന് അതിന്റെ പുറകെ നിന്നാൽ സമയം പോകും, ഉടമ്പടി എടുക്കാതിരിക്കാൻ സാത്താൻ ഒരുക്കിയ കെണിയാണിത് എന്നു പറഞ്ഞ് ഒന്നുമറിയാത്തപോലെ ലക്ഷ്യത്തിലേക്ക് നീങ്ങിയ പ്രാർത്ഥനക്കാരി ചേച്ചിയെ അറിയാം. സ്വത്തും സമ്പാദ്യവും എല്ലാം മകന് മാത്രമായി കൊടുത്ത ശേഷം പ്രായമായപ്പോൾ മരുമകൾ നോക്കിയാൽ ശരിയാകില്ല എന്ന് പറഞ്ഞ് തുച്ഛമായ വരുമാനം കൊണ്ട് കഷ്ടപ്പെട്ട് ജീവിക്കുന്ന മകളോടൊപ്പം വന്നു താമസിക്കുന്ന റിട്ടയേഡ് സർക്കാർ ഉദ്യോഗസ്ഥയെ അറിയാം. എല്ലാ ബുദ്ധിമുട്ടുകൾ ക്കിടയിലും മകളും ഭർത്താവും മക്കളും ചേർന്ന് അമ്മൂമ്മയെ ഒരു കുറവും ഇല്ലാതെ നോക്കുന്നു. അപ്പോഴും പെൻഷൻ കിട്ടുന്ന പണം ആ അമ്മ കൃത്യമായി മകന് അയച്ചുകൊടുക്കുന്നു. സ്വന്തം മരുന്നിന്റെ ചിലവിനു പോലും അതിൽ നിന്ന് എടുക്കുന്നില്ല. അതുപോലും ഇവർ കഷ്ടപ്പെട്ട് വാങ്ങി കൊടുക്കണം. വീട്ടിലെ പണികളിൽ ഒന്നും സഹായിക്കില്ല. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ ജപമാല ചൊല്ലും. കരുണക്കൊന്ത ചെല്ലും. ബൈബിൾ വായിക്കും. ഭക്ഷണം കഴിക്കുന്ന സമയം ഒഴികെ ബാക്കി എല്ലാ സമയവും ജപമാല കയ്യിൽ ഏന്തി പ്രാർത്ഥനയാണ്. ആ അമ്മായിയമ്മയെ കുറിച്ച് ഒരിക്കൽ മരുമകൻ തമാശരൂപേണ ഇങ്ങനെ പറയുകയുണ്ടായി, "ചിലപ്പോൾ ഭയം തോന്നും. അമ്മ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് ആ കൊന്തയിൽ എങ്ങാനും കെട്ടിത്തൂങ്ങി മരിക്കുമോ എന്ന് '. ഇങ്ങനെ ഒന്ന് സൂക്ഷിച്ചു നോക്കിയാൽ എത്രയെത്ര പുരോഹിതരെയും ലേവായരെയും നമ്മുടെ ഇടയിൽ തന്നെ കണ്ടെത്താൻ കഴിയും. കെവിൻ കാർട്ടറുടെ ക്യാമറയ്ക്ക് പകരം ആത്മീയത കയ്യിലേന്തിയ കഴുകന്മാർ നമുക്കുള്ളിലോ, നമുക്ക് ചുറ്റുമോ ഉണ്ടോ എന്ന് പരിശോധിക്കണം. കഴുകനിൽ നിന്നും സമരിയാക്കാരനിലേക്കുള്ള ദൂരമാണ് ക്രിസ്തുവിലേക്കുള്ള ദൂരം.

### ഇരട്ട വ്യക്തിത്വം
(DUAL PERSONALITY)

ഇന്നത്തെ വചനഭാഗത്ത് 2 കഥാപാത്രങ്ങളാണ് പ്രധാനമായും ഉള്ളത്. ഒന്ന് കവർച്ചക്കാരുടെ കയ്യിൽപെട്ട് മുറിവേറ്റ മനുഷ്യൻ, അയാളെ സഹായിച്ച, ശുശ്രൂഷിച്ച സമരിയാക്കാരൻ. ഒരർത്ഥത്തിൽ ഈ

രണ്ടു കഥാപാത്രങ്ങളും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഉണ്ട്. നമ്മളിൽ ഓരോരുത്തരിലും ഈ രണ്ടു വ്യക്തിത്വങ്ങളും കാണാൻ കഴിയും. ആരിൽ നിന്നോ എപ്പോഴൊക്കെയോ മുറിവേൽപ്പിക്കപ്പെട്ടവരാണ് നമ്മളിൽ ഭൂരിഭാഗവും. മക്കളിൽ നിന്നാകാം, മാതാപിതാക്കളിൽ നിന്നാകാം, സഹോദരങ്ങളിൽ നിന്നാകാം, സുഹൃത്തുക്കളിൽ നിന്നാകാം, ജീവിതപങ്കാളിയിൽ നിന്നാകാം. എപ്പോഴൊക്കെയോ നമുക്ക് മുറിവേറ്റിട്ടുണ്ട്. ചോരവാർന്ന ഹൃദയത്തോടെ നമ്മളും ജീവിതത്തിന്റെ വഴിയരികിൽ തളർന്നു കിടന്നിട്ടുണ്ട്. ഒരാശ്വാസവാക്ക് പറയാൻ, ഒരു എളിയ സഹായം ചെയ്യാൻ, ഒന്ന് ചേർത്ത് പിടിക്കാൻ ഒരു സമരിയാക്കാരൻ വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുണ്ട്. അങ്ങനെ ചേർത്ത് പിടിക്കും എന്ന് കരുതിയ പലരും കൈയൊഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി ദൈവം ചില മാലാഖമാരെ നമ്മുടെ അടുത്തേക്ക് അയച്ചിട്ടുണ്ട്. അവർ നമ്മുടെ മുറിവുണക്കിയിട്ടുണ്ട്.

നമ്മെ ചേർത്ത് പിടിച്ചിട്ടുണ്ട്. അങ്ങനെ ചില സമരിയാക്കാർ ഇല്ലായിരുന്നെങ്കിൽ ഏതെങ്കിലും വഴിയരികിൽ പൊലിഞ്ഞു തീരേണ്ടതായിരുന്നു നമ്മുടെ ജീവിതവും.

മറുവശത്ത് നമ്മുടെ ഉള്ളിൽ ഒരു സമരിയക്കാരൻ ഉണ്ട്. പലപ്പോഴും പലർക്കും ആശ്വാസമാകാൻ, അഭയം ആകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചില ചേർത്ത് പിടിക്കലുകൾ ചിലരെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നിട്ടുണ്ട്. ഇനിയും പലരും വഴിയരികിൽ മുറിവേറ്റ് കിടക്കുന്നുണ്ട്. അവിടെ ആശ്വാസത്തിന്റെയും സ്നേഹത്തിന്റെയും തൈലവുമായി കടന്ന് ചെല്ലാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ ഓരോരുത്തരും. അങ്ങനെ ക്രിസ്തുവിനെപ്പോലെ സ്വയം മുറിയപ്പെടാനും മറ്റുള്ളവർക്ക് സ്വയം പകുത്തു നൽകാനും കഴിയുമ്പോഴാണ് ക്രിസ്ത്യാനി എന്ന നമ്മുടെ പേര് അന്വർത്ഥമാകുന്നത്. മുറിയപ്പെടുന്ന



സ്നേഹമായും വെച്ചുകെട്ടുന്ന സ്നേഹമായും നമുക്ക് മാറാം. അപ്പോൾ മാത്രമാണ് അവൻ സ്നേഹിച്ചത് പോലെ പരസ്പരം നമുക്കും സ്നേഹിക്കാനാവുക. സ്നേഹത്തിന്റെ പുതിയ കൽപ്പന നമ്മിലൂടെ പൂർത്തിയാവുക.

## നീയും പോയി അതുപോലെ ചെയ്യുക

സമരിയാക്കാരന്റെ ഉപമയിലൂടെ ഈശോ മറുപടി നൽകിയ നിയമ ജ്ഞനോട് 'നീയും പോയി അതുപോലെ ചെയ്യുക' എന്നു പറഞ്ഞുകൊണ്ടാണ് ഈശോ അവസാനിപ്പിക്കുന്നത്. ഇന്നത്തെ സുവിശേഷം നമുക്ക് നൽകുന്ന സന്ദേശവും ഇതുതന്നെ യാണ്. നമുക്ക് ചുറ്റും വീണു കിടക്കുന്നവരെ മുറിവേറ്റ വരെ കാണാൻ നമ്മുടെ കണ്ണുകൾ തുറക്കുക, സമരിയാക്കാരനെ പോലെ അവരോട് കരുണ കാണിക്കുക, നല്ല അയൽക്കാരനായി വർത്തിക്കുക,

ജീവിതങ്ങളെ സ്പർശിക്കുക എന്നതാണ് നമ്മുടെ ജീവിതദൗത്യം.

എന്ത് ചെയ്യുമ്പോഴും, നമുക്ക് എന്ത് നേടാനാകുമെന്നതിനേക്കാൾ, മറ്റുള്ളവർക്ക് എന്ത് നൽകാൻ ആകുമെന്ന് കൂടി ചിന്തിക്കുന്നിടത്താണ് ക്രിസ്തീയ സ്നേഹം പൂർണ്ണമാവുക. സ്നേഹം തന്നെയായ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ സ്നേഹത്തിന്റെ സാക്ഷികളായി നമുക്ക് മാറാം.

'സ്നേഹം ബലിയായി തീരുന്നു.
ചങ്കും ചോരയും ഏകുന്നു.
സ്നേഹം കുരിശിൽ
പൂർണ്ണമാകുന്നു.. സ്നേഹം
കുർബാനയായിത്തീരുന്നു'

നമുക്കായി സ്വയം കുർബാന യായി തീർന്ന ഈശോയുടെ മക്കളെന്ന നിലയിൽ നമ്മുടെ ജീവിതവും അനു ദിനം ബലിയായി മാറട്ടെ. ദിവസത്തിൽ ഒരു മണിക്കൂറോ അരമണിക്കൂറോ ദേവാലയത്തിൽ ബലിയിൽ പങ്കുചേരുന്നത് മാത്രമല്ല ഒരു ക്രിസ്ത്യാനിയുടെ ജീവിതം. ഓരോ നിമിഷത്തെയും നമ്മുടെ ജീവിതത്തെ ബലിയായി അർപ്പിക്കാൻ ആകുമ്പോഴും സ്നേഹത്തെ പ്രതി സഹനങ്ങൾ ഏറ്റെടുക്കുമ്പോഴും നമുക്കായി ചങ്കും ചോരയും ഏകിയവനെ പോലെ സ്വയം മുറിയപ്പെടുമ്പോഴും മാത്രമാണ് നമുക്കും കുർബാനയായി തീരാൻ ആവുക. മുറിവേറ്റും മുറിവുണക്കിയും സ്നേഹത്തിന്റെ സ്നേഹിതരായി നമുക്ക് മാറാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com